വിശുദ്ധമായ ഗ്രാമീണസന്ധ്യകളിൽ വാതിൽപ്പാളികൾ കടന്നെത്തുന്ന പുല്ലാങ്കുഴൽ നാദം.. "ചന്ദനമണിവാതിൽ പാതി ചാരി...." ആ മാസ്മരിക ശബ്ദം ചെറുപ്പക്കാരന്റെ മനസ്സിൽ വല്ലാത്തൊരു ഉണർവുണർത്തും. അതയാളെ മെല്ലെ മെല്ലെ ആ സംഗീതോപകരണത്തോടടുപ്പിച്ചു. വീടിന്റെ പരിസരങ്ങളിൽ കണ്ട ഈറക്കാട്ടിൽ നിന്നും വെട്ടിയെടുത്തഈറക്കു ഴലിൽ ഒളിച്ചിരുന്ന നാദത്തിന് ജീവൻ നൽകുമ്പോൾ അതതിശയിപ്പിച്ചത് രാവിനെ സംഗീതസാന്ദ്രമാക്കിയ ബന്ധുവായ അയൽക്കാരനെ.. അയാൾ ചെറുപ്പക്കാരന് ഒരു പുല്ലാങ്കുഴൽ നൽകി അനുഗ്രഹിച്ചു.. കഴിഞ്ഞ വർഷം കുറേ നല്ല ഗാനങ്ങളിലൂടെ നമ്മുടെ സഹൃദയങ്ങളെ തൊട്ടുണർത്തിയ ആ യുവാവാണ് ഇന്നത്തെ ദളത്തെ സംഗീതസാന്ദ്രമാക്കുന്നത്.

ബിപിൻ രാജ്,
സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ,
ശൂരനാട് ശാഖ.

കൊല്ലം ജില്ലയിലെ മൈനാഗപ്പള്ളി ആണ് ബിപിന്റെ സ്വദേശം. സർക്കാർ ജീവനക്കാരൻ ആയിരുന്ന ശ്രീ രാജന്റെയും വീട്ടമ്മയായ ശ്രീമതി രാജലക്ഷ്മിയുടെയും രണ്ടാണ്മക്കളിൽ ഇളയ ആൾ. സഹോദരൻ ബിമൽ രാജ് നേവി ഉദ്യോഗസ്ഥൻ ആയിരുന്നു, വിരമിച്ച ശേഷം ഇപ്പോൾ വിദേശത്ത് ജോലി ചെയ്യുന്നു.

സ്വന്തം ഗ്രാമത്തിലെ ശ്രീ ചിത്ര വിലാസം എൽ പി സ്കൂളിലും, ശ്രീ ചിത്ര വിലാസം യു പി സ്കൂളിലും, കരുനാഗപ്പള്ളി ബോയ്സ് ഹൈസ്കൂളിലും ആയി സ്കൂൾ വിദ്യാഭ്യാസം. ചവറ ഗവണ്മെന്റ് ഹൈസ്കൂളിൽ നിന്നും പ്ലസ് ടു. ചവറ ഗവണ്മെന്റ് കോളേജിൽ നിന്നും ബിരുദവും കോട്ടയം സി എം എസ് കോളേജിൽ നിന്നും ഗണിതശാസ്ത്രത്തിൽ ബിരുദാനന്തര ബിരുദവും.

സ്കൂൾ വിദ്യാർത്ഥി ആയിരിക്കുമ്പോൾ ചിത്രം വരക്കലായിരുന്നു ബിപിന്റെ ഒഴിവുസമയങ്ങളെ അപഹരിച്ചിരുന്നത്. യുവജനോത്സവങ്ങളിലും മറ്റ് മത്സരങ്ങളിലും ഒക്കെ ഗ്രൂപ്പ് ഇനങ്ങളിൽ അല്ലാതെ ഒന്നിലും പങ്കെടുക്കാൻ താല്പര്യം കാണിച്ചിരുന്നില്ല. പിന്നീട് എപ്പോഴോ ആണ് ചന്ദന മണിവാതിൽ മനസ്സ് മലർക്കെ തുറന്ന് കയറിക്കൂടിയത്.

കരുനാഗപ്പള്ളി സ്വദേശി വിജയൻ മാഷിന്റെ അടുത്ത് എത്തിയത് അങ്ങനെയാണ്. ബാലപാഠങ്ങൾ പഠിക്കാൻ തുടങ്ങുമ്പോഴേക്കും ചില തടസ്സങ്ങൾ വന്നുകൂടി. എങ്കിലും അയൽക്കാരൻ സന്തോഷ് ചേട്ടൻ മാനസഗുരുവായി തുടർന്നു. ചെറിയ ചെറിയ ഗാനങ്ങൾ പുല്ലാങ്കുഴലിൽ വായിക്കാൻ കഴിയുന്നുണ്ടെങ്കിലും ശാസ്ത്രീയമായ അഭ്യസനം ഒരു കുറവായി തന്നെ ബിപിന് അനുഭവപ്പെട്ടു.

ഇതിനിടെ 2009ൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിൽ ജോലി ലഭിച്ചു. അടൂർ ശാഖയിൽ ആയിരുന്നു ആദ്യനിയമനം. പിന്നീട് കരുനാഗപ്പള്ളി ശാഖയിലേക്ക് സ്ഥലം മാറ്റം ലഭിച്ചു. അവിടെ ജോലി ചെയ്യുമ്പോഴാണ് 2012ൽ ട്രെയിനി ഓഫീസർ ആയി കട്ടപ്പന ശാഖയിൽ എത്തുന്നത്. അവിടെ നിന്നും ഫീൽഡ് ഓഫീസർ ആയി കൂത്താട്ടുകുളം ശാഖയിലേക്കും തുടർന്ന് തിരുവനന്തപുരം ലോക്കൽ ഹെഡ് ഓഫീസിലേക്കും.
പിന്നീട് വീണ്ടും വീടിനടുത്ത് ഭരണിക്കാവ് ശാഖയിൽ സർവീസ് മാനേജർ ആയും അവിടെ നിന്നും ഇപ്പോൾ ശൂരനാട് ശാഖയിൽ മാനേജർ ആയും ജോലി നോക്കുന്നു.

തിരുവനന്തപുരത്ത് ജോലി ചെയ്യുമ്പോൾ ഓഫീസ് വിട്ടിറങ്ങി താമസസ്ഥലത്തേക്ക് പോകുന്ന ഒരു യാത്രയിലാണ് പ്രിയപ്പെട്ട പുല്ലാങ്കുഴൽ സംഗീതം കേൾക്കുന്നതും അന്വേഷണത്തിൽ ഓഫീസിനടുത്ത് അമ്പിളി ബാല എന്നൊരു ഗുരുവിനെ കണ്ടെത്തുന്നതും. പുല്ലാങ്കുഴലിൽ ശാസ്ത്രീയമായ അഭ്യസനം അവിടെ നിന്നാണ് തുടങ്ങിയത്.

ആ ക്ലാസുകൾ പുരോഗമിക്കെയാണ് വീണ്ടും വീടിനടുത്തേക്ക് സ്ഥലം മാറ്റം ആകുന്നത്. അങ്ങനെ യാണ് ശ്രീ അടൂർ രവികുമാർ എന്ന പ്രശസ്ത പുല്ലാങ്കുഴൽ വിദഗ്ധനെ സമീപിക്കുന്നതും കൂടുതൽ കാര്യങ്ങൾ പഠിക്കാൻ അവസരം ലഭിച്ചതും. ഇന്നിപ്പോൾ ഇത് കൂടാതെ പ്രശസ്തനായ കലാകാരൻ ശ്രീ പി ആർ മുരളിയിൽ നിന്നും ഓൺലൈൻ ആയും പഠനം തുടരുന്നുണ്ട് ബിപിൻ.

2013ൽ ജീവിതത്തിലേക്ക് ചേക്കേറിയ സ്റ്റേറ്റ് ബാങ്ക് ജീവനക്കാരി തന്നെയായ രാജിയും(ആനന്ദപ്പള്ളി ശാഖാ മാനേജർ ) സുഹൃത്തുക്കളും ബാങ്കിന്റെ മേലധികാരികളും ഇതിലൊക്കെ ഉപരി ടാലന്റഡ് ബാങ്കേഴ്സും ആണ് തന്റെ കലാജീവിതത്തിന്റെ ഊർജം എന്നാണ് ബിപിന്റെ വിശ്വാസം.
ഒഴിവ് വേളകൾ ആനന്ദകരമാക്കാൻ ഇത്തരം അവസരങ്ങൾ പരമാവധി പ്രയോജനപ്പെടുത്തണം എന്ന് ബിപിൻ പറയുന്നു.

അടുത്തിടെ പുല്ലാങ്കുഴൽ സംഗീതവുമായി ബന്ധപ്പെട്ട് ചില കവർ ഗാനങ്ങളും ബിപിൻ ചെയ്തു. എല്ലാത്തിനും പിന്തുണ നൽകിയത് നാട്ടുകാരായ സുഹൃത്തുക്കളാണ്. പ്രശസ്തമായ മലനട ക്ഷേത്രം പശ്ചാത്തലമാക്കി ഒരുക്കിയ "പറ നിറയെ പൊന്നളക്കും പൗർണമി രാവായി..."എന്ന ഗാനചിത്രീകരണത്തിൽ പങ്കെടുത്തത് മകൾ ഉൾപ്പെടെയുള്ള കുടുംബാംഗങ്ങൾ കൂടിയാണ് എന്നത് ഏറെ സന്തോഷം പകരുന്നു.അടൂർ ന്യൂ മാൻ സെൻട്രൽ സ്കൂളിൽ മൂന്നാം ക്ലാസ്സ് വിദ്യാർത്ഥിനിയായ ദക്ഷയാണ് മകൾ.

കഴിഞ്ഞ ടി ബി മീറ്റ് വേദിയിൽ "മോഹം കൊണ്ടു ഞാൻ..., തങ്കതോണി...

തുടങ്ങിയ ഗാനങ്ങൾ കോർത്തിണക്കി അവതരിപ്പിച്ച് നമ്മുടെ മനം കവർന്ന ബിപിന് ജോലിയിലും കലാജീവിതത്തിലും എല്ലാ ഉയർച്ചയും ഉണ്ടാകട്ടെ എന്ന് ടാലന്റഡ് ബാങ്കേഴ്സ് കുടുംബം ഹൃദയപൂർവ്വം ആശംസിക്കുന്നു.

-----------------------------------------------------------------------------------------------

തയ്യാറാക്കിയത് : അനിൽ ഉണ്ണിത്താൻ ( Anil Unnithan), സെൻട്രൽ ബാങ്ക് ഓഫ് ഇന്ത്യ, അഞ്ചാലുംമൂട് ശാഖ, കൊല്ലം

English version: Arya Gayathry , State Bank of India, Pallickal Branch

അവതരണം : സ്വപ്നരാജ് (Swapna Raj), സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, RASMEC, പത്തനംതിട്ട

-----------------------------------------------------------------------------------------------

The rich and magical tunes of the flute pushed through the doors during pleasant twilights, awakening the soul of the young man inside. He was slowly drawn towards the alluring charms of the instrument which played melodiously, "Chandana mani vaathil paathi chaari..." And he searched for the music in the reeds among the thickets around his house. This amused his neighbour who was the one playing the tunes. He blessed this youth and gifted him a real flute. We present before you today, this young talented banker, who mesmerized us with his beautifully played tunes last year.

Bipin Raj
State Bank of India
Sooranad Branch

He is a native of Mynagappally, Kollam - the younger of the two sons of Sri. Rajan, who was a Government employee, and Smt. Rajalakshmi, a housewife. His brother Bimal Raj retired from the Indian Navy and works abroad. He did his schooling at Sree Chithira Vilasam LP School and UP School of his village, Karunagappally Boys' High School, and Chavara Government High School. He did his graduation from Chavara Government College and MSc Mathematics from Kottayam CMS College. At school, he spent his leisure time drawing and painting. He participated in youth festivals and other programmes only for group events.

It was later on that he got attracted to the woodwind instrument. Thus he reached before Vijayan mash of Karunagappally. But he could not pursue his passion beyond the basics. Still he held his neighbour Santhosh chetan as his guru. Though he can play short simple songs on his flute, the lack of proper training remained a flaw.

In 2009, he got recruited to State Bank of Travancore and joined its Adoor branch as the first posting. Then he got transferred to Karunagappally branch. It was while there that he got promoted to a trainee officer in 2012 and joined Kattapana branch. From there he was transferred to Koothattukulam branch as a field officer, and later to Thiruvananthapuram Local Head Office. After this, he got posted as the Service Manager in Bharanikkavu branch and then

as Branch Manager, Sooranad branch, where he still works.

While working at Thiruvananthapuram, one day he happened to hear his beloved flute music on the way home from his office. On further search, he got in touch with guru Ambili Bala, who stayed near his office. He restarted his flute journey. On being transferred to Bharanikkavu, he approached the famed flute artist, Sri. Adoor Ravikumar to learn further. Now he is pursuing online classes as well, from renowned artist, Sri. P R Murali.

In 2013, he married Smt Raji(Branch Manager, SBI Anandapally Branch). He is thankful that he is encouraged and motivated by his wife, friends, colleagues and higher officials at the Bank, and above all, Talented Bankers group. He also gives a message to all our friends here to use their leisure time to pursue such long-lost passions to be away from today's stress at work.

Recently, Bipin did a few cover songs, supported by friends from his neighbourhood. He is proud to share that his family members including his daughter performed in the picturisation of a song, "Para niraye ponnalakkum pournami raavai", based on the famous Malanada temple. His daughter Daksha is a 3rd grader at Adoor New Man Central School.

He enthralled us all with his renditions of "Moham kondu njan.. , Thankathoni... " and a chain of such melodious songs during the last T B Meet. We wholeheartedly wish that he and his family excel in their professional and artistic life ahead!